സബ് ലൈൻ നീട്ടികിട്ടുന്നതിന് നൽകിയിട്ടുള്ള അപേക്ഷകൾ

37 (867) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ സബ് ലൈൻ നീട്ടികിട്ടുന്നതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിന് മൂന്ന് വർഷത്തിലധികം പഴക്കമുള്ള എത്ര അപേക്ഷകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) അപേക്ഷകൾ ലഭിച്ചിട്ടും സബ് ലൈനുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 163 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മൂന്നു വർഷത്തിലധികം പഴക്കമുള്ള അപേക്ഷകൾ ഇല്ല.

(സി) ഈ സ്ഥലങ്ങളിലേയ്ക്ക് പൈപ്പു ലൈൻ നീട്ടി പൊതു ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ 80% പൂർത്തിയായി. ബാക്കി പ്രവർത്തികൾ രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്.

പറക്കുളം ശുദ്ധജലവിതരണ പദ്ധതി

38 (868) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കപ്പൂർ പഞ്ചായത്തിലെ പറക്കുളം ശുദ്ധജല പദ്ധതി നടപ്പാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കപ്പൂർ പഞ്ചായത്തിലെ ശുദ്ധജലപദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറായി വരുന്നു.

തണ്ണിത്തോട് ശുദ്ധജല വിതരണ പദ്ധതി

39 (869) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ തണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രൊപ്പോസൽ ഇപ്പോൾ ഏത് സ്ഥിതിയിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly